# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – **18** **27.02.2017-** ൽ മറുപടിയ്ക്ക്

## പ്രവാസി ക്ഷേമ പദ്ധതി

**ചോദ്യം**

**ശ്രീ.ഐ.സി. ബാലകൃഷ്ണൻ**
**ശ്രീ. കെ.സി. ജോസഫ്**
**ശ്രീ. വി.പി. സജീന്ദ്രൻ**
**ശ്രീ. എൽദോസ് കുന്നപ്പിള്ളി**

എ) സംസ്ഥാനത്ത് പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവാസി ക്ഷേമത്തിനായി എന്തെങ്കിലും പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

**മറുപടി**

**ശ്രീ. പിണറായി വിജയൻ**
***(മുഖ്യമന്ത്രി)***

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം, വിദേശത്തുവച്ച് മരണപ്പെടുന്ന പ്രവാസി കേരളീയരുടെ കുടുംബങ്ങൾക്ക് നിലവിൽ നല്കുന്ന സാമ്പത്തിക സഹായങ്ങൾക്ക പുറമെ ഇവരുടെ കുടുംബങ്ങൾക്ക്/ആശ്രിതർക്ക് സാമ്പത്തിക സുരക്ഷ നൽകുന്നതിനു വേണ്ട വിശദമായ പദ്ധതി തയ്യാറാക്കുന്നതിനുള്ള മന്ത്രിസഭായോഗ തീരുമാനം കൈക്കൊണ്ടിരുന്നു. ആയതിൻ പ്രകാരം പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടിയായി യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാ(UNDP) മിനോട് ഒരു പഠനം നടത്താൻ ആവശ്യപ്പെടുകയും അതനുസരിച്ച് ഒരു നിർദ്ദേശം (proposal) സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

| | |
|---|---|
| ബി) ഗൾഫിൽ നിന്നും ജോലി നഷ്ടപ്പെട്ട് മടങ്ങുന്ന മലയാളികൾക്ക് ആറ് മാസത്തെ ശമ്പളം നഷ്ടപരിഹാരമായി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | ബി) ഇക്കാര്യം പരിശോധിച്ചു വരുകയാണ്. |
| സി) 2016 ഡിസംബർ ഒന്നിന് ശേഷം ഇപ്രകാരം ജോലി നഷ്ടപ്പെട്ട് എത്ര മലയാളികൾ തിരിച്ച് വന്നുവെന്ന് കണക്കാക്കിയിട്ടുണ്ടോ ; വെളിപ്പെടുത്തുമോ ? | സി) തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിവന്ന പ്രവാസികൾ നോർക്ക റൂട്ട്സിൽ പേര് രജിസ്റ്റർ ചെയ്യുന്നുണ്ട്. പ്രസ്തുത രജിസ്ട്രേഷന്റെ ഡാറ്റാ ബേസ് പ്രകാരം 2016 ഡിസംബർ ഒന്നിന് ശേഷം നാളിതുവരെ 552 മലയാളികൾ തിരിച്ചു വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ